ഉത്തരം

(എ-സി) കോട്ടക്കണ്ണി പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. ആയത് സർക്കാരിൽ ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാനാകുകയുള്ളൂ.

ഉള്ളൂർകടവ് പാലം

315 (1349) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവുചെയ്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉള്ളൂർക്കടവ് പാലത്തിന്റെ പുതുക്കിയ ഡിസൈൻ അംഗീകരിക്കുന്നതിന്റെ നടപടികൾ ഏതുഘട്ടത്തിലാണെന്ന വിശദമാക്കാമോ ;

(ബി) ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ നിണ്ടുപോകുന്ന സാഹചര്യത്തിൽ പാലത്തിന്റെ മറ്റ് നടപടികളുമായി മുന്നോട്ട് പോകാമെന്ന് സൂപ്രണ്ടിംഗ് എൻജിനീയർ ചീഫ് എൻജിനീയർ മുൻപാകെ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമായി വ്യക്തമാക്കാമോ ;

(സി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ ആഫീസിൽനിന്ന് ധനകാര്യ വകുപ്പിലേക്ക് അയച്ച ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ബന്ധപ്പെട്ട കത്തുകൾ, കുറിപ്പുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) DRIQ Board-ൽ പാലത്തിന്റെ ഡിസൈൻ പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) പാലത്തിന്റെ ഇരുകരകളിലും approach road - ന്റെയും പാലത്തിന്റെയും ഉയരം പരമാവധി കുറച്ച് സർക്കാരിന്റെ കൈവശം ഉള്ള സ്ഥലം പരമാവധി ഉപയോഗിക്കാൻ പ്രകൃതിയിൽ പാലത്തിന്റെ രൂപകല്പന DRIQ Board-ൽ പൂർത്തീകരണഘട്ടത്തിലാണ്.

(സി) പാലത്തിനുള്ള അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പിനായി 2,17,90,663 രൂപ അനുവദിക്കണമെന്ന ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ധനകാര്യ വകുപ്പിന് അയച്ചിരുന്നു. എന്നാൽ 'ഡിനോവ' ആയ സാഹചര്യത്തിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ധനകാര്യ വകുപ്പ് ആരാഞ്ഞിരിക്കുകയാണ്. ബന്ധപ്പെട്ട കത്തുകൾ, കുറിപ്പുകൾ അനാവശ്യമായി വയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly